പത്താം ക്ലാസിലെ മാറ്റമുള്ള പുസ്തകങ്ങൾ ഏപ്രിൽ മാസം വിതരണം ചെയ്യാൻ സാധിക്കും. മറ്റെല്ലാ പുതിയ പുസ്തകങ്ങളും ജൂൺമാസത്തിനും മുൻപ് വിതരണം ചെയ്യുന്നതാണ്.

പാഠപുസ്തകങ്ങളുടെ മാറ്റം

494. [694] ശ്രീ. കെ. പി. രാമൻ :

,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വിദ്യാഭ്യാസ വർഷത്തിൽ വല്ല പാഠപുസ്തകങ്ങൾക്കും മാറ്റമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ക്ലാസുകളിലെ പാഠപുസ്തകങ്ങൾക്കാണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാറ്റമുള്ള പുസ്തകങ്ങൾ ഇവയാണ്.

2-ാം	ക്ലാസ്സ്	—കേരള പാഠാവലി
7-ാം	,,	—സാമൂഹ്യ ശാസ്ത്രം
,,	,,	—അടിസ്ഥാന ശാസ്ത്രം
,,	,,	—അടിസ്ഥാന ഗണിതം
10-ാം	,,	—രസതന്ത്രം
,,	,,	—ഊർജ്ജ തന്ത്രം
,,	,,	—ജീവശാസ്ത്രം
,,	,,	—ആരോഗ്യശാസ്ത്രം
,,	,,	—ഭൂമിശാസ്ത്രം
,,	,,	—ഭാരതവും ലോകവും
,,	,,	—സാമ്പത്തിക ശാസ്ത്രവും പൊളിറ്റിക്കൽ സയൻസും
,,	,,	—ഭാരത സംസ്ക്കാരം
,,	,,	—ഗണിതശാസ്ത്രം

എസ്. എസ്. എൽ. സി. പരീക്ഷയ്ക്കുള്ള പാഠ്യഭാഗങ്ങൾ

495. [695] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി, പരീക്ഷയ്ക്ക് അടുത്ത വർഷം മുതൽ ഒൻപത് പത്ത് ക്ലാസുകളിലെ പാഠ്യഭാഗങ്ങളിൽനിന്നു ചോദ്യം ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിലവിലുള്ള സമ്പ്രദായത്തിൽ മാറ്റം വരുത്തുവാൻ കാരണമെന്താണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ക്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരണ സ്റ്റിയറിംഗ് കമ്മിറ്റിയുടെ അഭിപ്രായ പ്രകാരം എട്ടുവരെ ക്ലാസ്സുകൾ ഒരു യൂണിറ്റായും

LIBRARY ARCHIVES Kerala Legislative Assembly

ൻപതും പത്തും ക്ലാസ്സുകൾ ചേർന്ന് മറെറാരു യൂണിറെറായുമാണ് കണക്കാക്കിയിട്ടുള്ളത്. അതിനാൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഒൻപതും പത്തും ക്ലാസുകളിലെ പാഠഭാഗങ്ങൾ ചേർത്ത് ചോദ്യം തയ്യാറാക്കണമെന്ന് തീരുമാനിക്കുകയുണ്ടായി.

തൊഴിലധിഷ്ഠിത കോഴ്സുകൾ

496. [696] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വർഷത്തിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) എവിടെയെല്ലാം പുതിയ കോഴ്സുകൾ ആരംഭിക്കണമെന്നു തീരുമാനിച്ചു കഴിഞ്ഞിട്ടില്ല.

തമിഴ് മീഡിയം ടി.ടി.സി. കോഴ്സ്

497. [697] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ഒരു തമിഴ് മീഡിയം റെറി. റെറി. സി. കോഴ്സു തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തുടങ്ങുവാൻ താമസിക്കുന്നതിൻെറ കാരണം വ്യക്തമാക്കാമോ ;

(സി) റെറി റെറി സി. (തമിഴ്) കോഴ്സു തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുമതി നൽകിയ തൊടുപുഴയിൽ ടീച്ചിംഗ് പ്രാക്ടീസ്, ഡമോൺസ്ട്രേഷൻ ക്ലാസ് എന്നിവ നടത്താൻ തമിഴ് മീഡിയം പ്രൈമറി സ്കൂൾ ഇല്ലാത്തതിനാലാണ് കോഴ്സ് തുടങ്ങാത്തത്.

(സി) ഈ കോഴ്സ് മൂന്നാറിൽ തുടങ്ങുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ട്.

അദ്ധ്യാപക ട്രെയിനിംഗ് സ്കൂളുകളുടെ പ്രവർത്തനം

498. [698] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അദ്ധ്യാപക ട്രെയിനിംഗ് സ്കൂളുകളുടെ പ്രവർത്തനത്തെപ്പററി പഠിക്കുന്നതിന് ഒരു ഹൈലെവൽ കമ്മിറിയെ സർക്കാർ നിയമിച്ചിരുന്നുവോ ;

(ബി) എങ്കിൽ എന്നാണ് നിയമിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly